107/2021

ചോദ്യ പുസ്തക അക്ഷര കോഡ് **A**

ചോദ്യ പുസ്തക ക്രമ നമ്പർ 40017

ചോദ്യങ്ങളുടെ ആകെ എണ്ണം : 100 | സമയം : 75 മിനിട്ട്

പരമാവധി മാർക്ക് : 100

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക ചതുരത്തിൽ ചോദ്യ പുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യ പുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള അക്ഷര ചോദ്യ പുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി പരീക്ഷാഹാളിലെ അസിസ്റ്റന്റ് സൂപ്രണ്ടിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യ പുസ്തക ക്രമനമ്പർ പുറംചട്ടയുടെ വലതു വശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമ നമ്പർ ഇല്ലാത്ത ചോദ്യ പുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യ പുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടെങ്കിൽ അക്കാര്യം പരീക്ഷാഹാളിലെ അസിസ്റ്റന്റ് സൂപ്രണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യ പുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടു പിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ഓരോ ചോദ്യത്തിനും ശരിയുത്തരം ഉൾപ്പെടെ **(A)**, **(B)**, **(C)**, **(D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തിരഞ്ഞെടുത്ത് ഒ.എം.ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷാസമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് അസിസ്റ്റന്റ് സൂപ്രണ്ടിനെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല. പരീക്ഷാഹാളിലെ അസിസ്റ്റന്റ് സൂപ്രണ്ട് രജിസ്റ്റർ നമ്പർ കോഡിംഗ് ഷീറ്റിലെ വിവരങ്ങൾ പരിശോധിച്ച് ഒപ്പ് രേഖപ്പെടുത്തുന്ന കാര്യം ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

SEAL

1. കോവിഡ് നിരീക്ഷണത്തിനായി കേന്ദ്രസർക്കാർ പുറത്തിറക്കിയ മൊബൈൽ ആപ്പ് ഏത് ?
   (A) ആരോഗ്യ മന്ത്രൺ (B) ആരോഗ്യ വിചാർ
   (C) ആരോഗ്യ സേതു (D) ആരോഗ്യ വിജ്ഞാൻ

2. സ്വത്തവകാശം മൗലികാവകാശമല്ലാതാക്കി മാറ്റിയ ഭരണഘടനാ ഭേദഗതി ഏത് ?
   (A) 44 (B) 42 (C) 46 (D) 56

3. ലോകത്തെ ഏറ്റവും വൃത്തിയുള്ള കടൽത്തീരങ്ങൾക്കുള്ള അന്താരാഷ്ട്ര പരിസ്ഥിതി ബഹുമതിയായ 'ബ്ലൂ ഫ്ലാഗ്' ലഭിച്ച കേരളത്തിലെ തീരപ്രദേശമേത് ?
   (A) പാപനാശം (തിരുവനന്തപുരം) (B) സ്നേഹതീരം (തൃശൂർ)
   (C) കാപ്പാട് (കോഴിക്കോട്) (D) തങ്കശ്ശേരി (കൊല്ലം)

4. രാജീവ് ഗാന്ധി ഖേൽരത്ന അവാർഡ് നേടിയ ആദ്യ വനിതാതാരം :
   (A) ഷൈനി വിത്സൻ (B) പി.ടി. ഉഷ
   (C) കെ.എം. ബീനാ മോൾ (D) കർണം മല്ലേശ്വരി

5. കേരളത്തിലെ ആദ്യത്തെ വനിതാ സൗഹൃദ ഗ്രാമപ്പഞ്ചായത്ത് ഏത് ?
   (A) ചെറിയനാട് (B) മാരാരിക്കുളം സൗത്ത്
   (C) പോത്താനിക്കാട് (D) വരവൂർ

6. ഭരണഘടനാ നിർമ്മാണസഭയുടെ ഉപദേശകനായി പ്രവർത്തിച്ച വ്യക്തിയാര് ?
   (A) ഡി.പി. വെയ്ത്താൻ (B) ബി.എൽ. മിത്തർ
   (C) ബി.എൻ. റാവു (D) എൻ. ഗോപാലസ്വാമി അയ്യങ്കാർ

7. 'സ്കൂൾ കോംപ്ലക്സ്' എന്ന ആശയം മുന്നോട്ടുവെച്ച വിദ്യാഭ്യാസ കമ്മീഷനേത് ?
   (A) മുതലിയാർ കമ്മീഷൻ (B) കോത്താരി കമ്മീഷൻ
   (C) രാധാകൃഷ്ണൻ കമ്മീഷൻ (D) രാമമൂർത്തി കമ്മീഷൻ

8. വിദ്യാഭ്യാസ അവകാശനിയമം നിലവിൽ വന്നതെന്ന് ?
   (A) 2010 ജൂൺ 20 (B) 2019 മാർച്ച് 1
   (C) 2019 ഏപ്രിൽ 20 (D) 2010 ഏപ്രിൽ 1

9. 2019 -ലെ എഴുത്തച്ഛൻ പുരസ്കാരം ലഭിച്ചത് ആർക്ക് ?
   (A) സക്കറിയ (B) ആനന്ദ്
   (C) കെ. സച്ചിദാനന്ദൻ (D) എം. മുകുന്ദൻ

10. ബാലവേല ഉപയോഗിക്കാത്ത ഉല്പന്നങ്ങൾക്കു നല്കുന്ന മുദ്ര ഏത് ?
(A) അഗ്മാർക്ക് (B) ഇക്കോമാർക്ക് (C) റഗ്മാർക്ക് (D) പെഡോ മാർക്ക്

11. നവോത്ഥാനകാലത്തെ ചിത്രമായ 'അവസാനത്തെ അത്താഴം' വരച്ചതാരാണ് ?
(A) മൈക്കലാഞ്ജലോ (B) ലിയനാർഡോ ഡാവിഞ്ചി
(C) പാബ്ലോ പിക്കാസോ (D) വിൻസെന്റ് വാൻഗോഗ്

12. 'പോരാ പോരാ നാളിൽ നാളിൽ ദൂരദൂരമുയരട്ടെ' എന്നാരംഭിക്കുന്ന ദേശഭക്തിഗാന രചയിതാവ് ആര് ?
(A) വള്ളത്തോൾ (B) ബോധേശ്വരൻ
(C) ഉള്ളൂർ (D) അംശി നാരായണപിള്ള

13. ഏറ്റവും കൂടുതൽ നോബൽ പുരസ്ക്കാരം നേടിയ സംഘടന :
(A) ഗ്രീൻ പീസ് (B) യുണൈറ്റഡ് നേഷൻസ്
(C) റെഡ് ക്രോസ് (D) ആംനെസ്റ്റി ഇന്റർനാഷണൽ

14. വാട്സാപ്പ് മെസ്സേജിങ് ആപ്പിന്റെ ഉപജ്ഞാതാവ് :
(A) മാർക്ക് സക്കർബർഗ് (B) ജാൻ കൂം
(C) സിമോർ ക്രേ (D) ജാൻ മാർട്ടിൻ

15. 'ബഹുമുഖ ബുദ്ധിശക്തി' എന്ന ആശയം ഹോവാർഡ് ഗാർഡ്നർ ഏത് പുസ്തകത്തിലാണ് അവതരിപ്പിച്ചിരിക്കുന്നത് ?
(A) ഫ്രെയിംസ് ഓഫ് മൈന്റ് (B) മർദ്ദിതരുടെ ബോധനശാസ്ത്രം
(C) ചിന്തയും ഭാഷണവും (D) ഓൺ വെർബൽ ബിഹേവിയർ

16. ഐക്യരാഷ്ട്രസഭയുടെ ഇപ്പോഴത്തെ സെക്രട്ടറി ജനറൽ :
(A) ബാൻ കി മൂൺ (B) അന്റോണിയോ ഗുട്ടറസ്
(C) മാർഗരറ്റ് ചാൻ (D) ടെഡ്രോസ് അഥനോം ഗെബ്രിയേസസ്

17. വിദ്യാഭ്യാസത്തെ മൗലികാവകാശമാക്കി മാറ്റിയ ഭരണഘടനാ ഭേദഗതി ഏത് ?
(A) 86 ആം ഭേദഗതി (B) 52 ആം ഭേദഗതി
(C) 89 ആം ഭേദഗതി (D) 92 ആം ഭേദഗതി

18. 2019 -ൽ ഉരുൾപൊട്ടലുണ്ടായ കവളപ്പാറ ഏത് ജില്ലയിലാണ് ?
(A) കണ്ണൂർ (B) കോഴിക്കോട് (C) മലപ്പുറം (D) കാസർകോഡ്

19. വിപ്ലവങ്ങളുടെ മാതാവ് എന്ന് വിളിക്കപ്പെടുന്ന വിപ്ലവം ഏത് ?
(A) ഫ്രഞ്ചു വിപ്ലവം (B) ജർമ്മൻ വിപ്ലവം
(C) റഷ്യൻ വിപ്ലവം (D) ഇംഗ്ലീഷ് വിപ്ലവം

20. 'യെസ് വീ കാൻ' ആരുടെ പ്രസംഗ പരമ്പരയാണ് ?

(A) മാർട്ടിൻ ലൂഥർ കിങ്  (B) എബ്രഹാം ലിങ്കൺ

(C) വിൻസ്റ്റൺ ചർച്ചിൽ  (D) ബരാക് ഒബാമ

21. ഇന്ത്യയിൽ സ്ത്രീധനവിരുദ്ധ ദിനമായി ആചരിക്കുന്ന ദിവസമേത് ?

(A) ജനുവരി 21  (B) നവംബർ 26  (C) മാർച്ച് 26  (D) മെയ് 30

22. 'ശിശുക്കളുടെ മോചനത്തിന്റെ പ്രഖ്യാപനം' എന്നു വിശേഷിപ്പിക്കപ്പെടുന്ന കൃതി ഏത് ?

(A) ആൻഫ്രാങ്കിന്റെ ഡയറിക്കുറിപ്പ്  (B) ടോട്ടോ ചാൻ

(C) എമിലി  (D) ആലീസിന്റെ അത്ഭുതലോകത്തിൽ

23. പ്രസിദ്ധ സോപാനസംഗീത കലാകാരനായ ഞെരളത്ത് രാമപ്പൊതുവാളിന്റെ ആത്മകഥയേത് ?

(A) അഷ്ടപതി  (B) മഞ്ജുതരം

(C) സോപാനം  (D) എന്റെ വഴിയമ്പലങ്ങൾ

24. കൂടിയാട്ടത്തിലെ അനൗചിത്യങ്ങളെ ചൂണ്ടിക്കാണിച്ച ഗ്രന്ഥം :

(A) ക്രമദീപിക  (B) നടാങ്കുശം  (C) ആട്ടപ്രകാരം  (D) നാട്യകല്പദ്രുമം

25. ദേവദാസികളെപ്പറ്റി പരാമർശം കാണുന്ന ഏറ്റവും പഴയ രേഖ :

(A) ചോക്കൂർ ശാസനം  (B) മാമ്പള്ളി ശാസനം

(C) തരിസാപ്പള്ളി ശാസനം  (D) വാഴപ്പള്ളി ശാസനം

26. 'ക്ഷേത്രവിജ്ഞാനകോശം' രചിച്ചത് ആര് ?

(A) വി. കലാധരൻ  (B) കാണിപ്പയ്യൂർ കൃഷ്ണൻ നമ്പൂതിരി

(C) നാലാങ്കൽ കൃഷ്ണപിള്ള  (D) പി.ജി. രാജേന്ദ്രൻ

27. ഭരതപ്രതിഷ്ഠയുള്ള കേരളത്തിലെ പ്രസിദ്ധ ക്ഷേത്രം :

(A) തിരുനാവായ  (B) കൂടൽമാണിക്യം  (C) ആറന്മുള  (D) മൂഴിക്കുളം

28. 'മ്യൂറൽ പഗോഡ' എന്നു വിശേഷിപ്പിക്കുന്ന കൊട്ടാരം :

(A) പത്മനാഭപുരം കൊട്ടാരം  (B) ശക്തൻ തമ്പുരാൻ കൊട്ടാരം

(C) കൃഷ്ണപുരം കൊട്ടാരം  (D) അറയ്ക്കൽ കൊട്ടാരം

29. ആത്മവിദ്യാസംഘത്തിന്റെ സ്ഥാപകൻ :

(A) സഹോദരൻ അയ്യപ്പൻ  (B) ബ്രഹ്മാനന്ദ ശിവയോഗി

(C) വാഗ്ഭടാനന്ദൻ  (D) അയ്യാ വൈകുണ്ഠ സ്വാമികൾ

30. 'കേരളത്തിലെ കാളിസേവ' ആരുടെ കൃതി ?

(A) കെ.പി. പത്മനാഭമേനോൻ (B) ചേലങ്ങാട്ട് ഗോപാലകൃഷ്ണൻ

(C) പി. ഭാസ്കരനുണ്ണി (D) ചേലനാട്ട് അച്യുതമേനോൻ

31. പ്രീസ്കൂൾ കുട്ടികൾക്കു നൽകുന്ന കളികൾക്കുണ്ടായിരിക്കേണ്ട പ്രധാനപ്പെട്ട സവിശേഷത ഏതാണ് ?

(A) വിഷയബന്ധിതമാകണം

(B) എല്ലാവർക്കും പങ്കാളിത്തം ഉണ്ടാകണം

(C) തുടർ പഠനത്തെ സഹായിക്കണം

(D) പഠനനേട്ടങ്ങൾ ഉറപ്പിക്കാൻ കഴിയണം

32. അദ്ധ്യാപകന്റെ റോൾ ജനാധിപത്യവാദിയായ ഒരു സംഘത്തലവന്റേതാണ് – ഈ പ്രസ്താവനയുമായി ബന്ധമുള്ള വിദ്യാഭ്യാസദർശനം ഏത് ?

(A) മാനവികതാവാദം (B) പ്രകൃതിവാദം

(C) ആശയവാദം (D) പ്രായോഗികതാവാദം

33. നിലവിൽ ക്ലാസ്സ്മുറികളിൽ ഉപയോഗിച്ചുവരുന്ന ശാസ്ത്രീയ ശിശുപ്രവർത്തന സമീപനം ഏതാണ് ?

(A) ഉദ്ഗ്രഥിത സമീപനം (B) വിഷയബന്ധിത സമീപനം

(C) തീമാറ്റിക് സമീപനം (D) മൂലകൾ അധിഷ്ഠിത സമീപനം

34. ഉദ്ഗ്രഥിത സമീപനവുമായി കൂടുതൽ ബന്ധമുള്ള മനഃശാസ്ത്ര സമീപനം ഏതാണ് ?

(A) സ്വത്വസാക്ഷാത്ക്കാര സിദ്ധാന്തം (B) മാനസികവിശകലന സിദ്ധാന്തം

(C) ബഹു മുഖ ബുദ്ധി സിദ്ധാന്തം (D) ഗസ്റ്റാൾട്ട് മനഃശാസ്ത്ര സിദ്ധാന്തം

35. 'വഴികാണിക്കൽ' – എന്ന പ്രവർത്തനത്തിൽ ഏർപ്പെടുന്ന കുട്ടി നേടുന്ന ശേഷി ഏതാണ് ?

(A) പ്രാഗ്‌ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയുന്നു.

(B) പ്രാഗ്ഗണിതപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയുന്നു.

(C) ഗണിത പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുന്നു.

(D) കളിപ്പാട്ടങ്ങൾ നിർമ്മിക്കാൻ കഴിയുന്നു.

36. പ്രീസ്കൂൾ കുട്ടികളെ വിലയിരുത്തുന്നതിന്റെ മുഖ്യലക്ഷ്യം എന്ത് ?

(A) ക്ലാസ്സ് കയറ്റം നൽകാൻ.

(B) റാങ്ക് നിശ്ചയിക്കാൻ.

(C) കുട്ടിയെ എല്ലാ അർത്ഥത്തിലും സഹായിക്കാൻ.

(D) മേലധികാരിയെ കാണിക്കാൻ.

37. ഒ. ആർ. എസ് (ORS) മിശ്രിതത്തിൽ ഏറ്റവും കൂടുതൽ അടങ്ങിയിരിക്കുന്ന വസ്തു ഏതാണ് ?
(A) സോഡിയം ക്ലോറൈഡ്
(B) ഗ്ലൂക്കോസ്
(C) സോഡിയം സിട്രേറ്റ്
(D) പൊട്ടാസ്യം ക്ലോറൈഡ്

38. രവീന്ദ്രനാഥടാഗോറിന്റെ പ്രശസ്തമായ വിദ്യാഭ്യാസ ലേഖനസമാഹാരത്തിന്റെ പേരെന്ത് ?
(A) ഗോര
(B) കാബൂളിവാല
(C) ശിക്ഷ
(D) ഗീതാഞ്ജലി

39. 3 വയസ്സിന് താഴെ പ്രായമുള്ള കുട്ടികളുടെ പരിചരണം ലക്ഷ്യമാക്കി സ്ഥാപിച്ച സ്ഥാപനം ഏതാണ് ?
(A) അങ്കണവാടി
(B) ബാലവാടി
(C) നഴ്സറി സ്കൂൾ
(D) ക്രെഷ്

40. ബുദ്ധിക്ക് ബഹുമുഖങ്ങളുണ്ടെന്ന് സിദ്ധാന്തിച്ച വിദ്യാഭ്യാസ ചിന്തകൻ ആരാണ് ?
(A) ഹവാർഡ് ഗാർഡ്നർ
(B) ജോൺഡ്യൂയി
(C) ഡാനിയൽ ഗോൾമാൻ
(D) കൊമേനിയസ്

41. അപര്യാപ്തരോഗങ്ങളിൽ പെടാത്ത രോഗം ഏതാണ് ?
(A) അനീമിയ
(B) കോവിഡ്
(C) നിശാന്ധത
(D) ക്വാഷിയോക്കർ

42. ഏതു ജില്ലയിലാണ് കേരളത്തിലെ ആദ്യത്തെ ഗവൺമെന്റ് മോഡൽ നഴ്സറി സ്കൂൾ സ്ഥാപിച്ചത് ?
(A) കാസറഗോഡ്
(B) തൃശ്ശൂർ
(C) തിരുവനന്തപുരം
(D) കൊല്ലം

43. കുട്ടികളുടെ പഠനവുമായി ബന്ധപ്പെട്ട മേഖലകളെക്കുറിച്ച് പഠിക്കുന്ന മനഃശ്ശാസ്ത്ര ശാഖയുടെ പേര് :
(A) ചികിത്സാമനഃശ്ശാസ്ത്രം
(B) സാമൂഹിക മനഃശ്ശാസ്ത്രം
(C) വിദ്യാഭ്യാസമനഃശ്ശാസ്ത്രം
(D) വികാസമനഃശ്ശാസ്ത്രം

44. ജില്ലാതലത്തിൽ പ്രീസ്കൂളുകൾക്ക് അക്കാദമിക പിന്തുണയും സഹായവും ലഭ്യമാക്കേണ്ട ഏജൻസി ഏത് ?
(A) ICDS
(B) NRHM
(C) NCERT
(D) DIET

45. കേരളത്തിലെ പ്രീസ്കൂൾ അദ്ധ്യാപികമാർക്കുവേണ്ടി SCERT തയ്യാറാക്കിയ അദ്ധ്യാപക സഹായിയുടെ പേര് :
(A) കളിത്തോണി
(B) മഴവില്ല്
(C) കളിപ്പാട്ടം
(D) കളിച്ചെപ്പ്

46. പ്രാദേശിക പാഠ്യപദ്ധതി രൂപീകരണത്തിന് സഹായകമായ പ്രധാനപ്പെട്ട സാമഗ്രികളിൽ ഒന്നാണ് :

(A) വിഭവ ഭൂപടം (B) പഞ്ചായത്ത് പദ്ധതിരേഖ

(C) പഠനരേഖകൾ (D) ചാർട്ടുകൾ

47. പ്രീസ്കൂൾ ആശയവിനിമയത്തിന് മാതൃഭാഷതന്നെ ഉപയോഗിക്കണമെന്നു പറയുന്നതിലെ യുക്തി എന്ത് ?

(A) അന്യ ഭാഷയോട് വെറുപ്പുണ്ടാക്കാൻ

(B) മാതൃഭാഷയോട് സ്നേഹം കൂട്ടാൻ

(C) ആശയഗ്രഹണം എളുപ്പമാക്കാൻ

(D) അദ്ധ്യാപനപ്രക്രിയ എളുപ്പമാക്കാൻ

48. ആധുനികമനഃശ്ശാസ്ത്രത്തിന്റെ പിതാവായി അറിയപ്പെടുന്നതാര് ?

(A) വില്യം ജയിംസ് (B) വില്യം വുണ്ട് (C) പിയാഷെ (D) ബ്രൂണർ

49. പ്രീസ്കൂൾകാല വിദ്യാഭ്യാസത്തെ ഏറ്റവും കൂടുതൽ സ്വാധീനിക്കുന്ന പ്രധാന ഘടകം ഏതാണ് ?

(A) മനുഷ്യ വിഭവം (B) കുടുംബം

(C) സാമൂഹ്യനിയന്ത്രണം (D) കലകൾ

50. ഫൈ പ്രതിഭാസവുമായി ബന്ധപ്പെട്ട മനഃശ്ശാസ്ത്ര സിദ്ധാന്തത്തിന്റെ പേരെന്ത് ?

(A) ഗസ്റ്റാൾട്ട് മനഃശ്ശാസ്ത്ര സിദ്ധാന്തം (B) സ്വത്വസാക്ഷാത്കാര സിദ്ധാന്തം

(C) മനോവിശ്ലേഷണ സിദ്ധാന്തം (D) ബഹുമുഖബുദ്ധി സിദ്ധാന്തം

51. താഴെ കാണുന്ന പ്രസ്താവനയിൽ പ്രീസ്കൂൾ കുട്ടിക്ക് ബാധകമായ പ്രസ്താവന ഏത് ?

(A) സ്വയം പഠിക്കാനുള്ള കഴിവില്ല.

(B) പഠിപ്പിച്ചാൽ മാത്രമേ പഠിക്കൂ.

(C) പഠിക്കാനുള്ള സഹജമായ കഴിവുണ്ട്.

(D) നിർബന്ധിത പഠനമാണ് വേണ്ടത്.

52. ശിശുവിന്റെ മാനസീകവും ശാരീരികവുമായ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കാത്ത ഘടകം ഏത് ?

(A) വിവാഹപ്രായം (B) ബന്ധുവിവാഹം

(C) ശാസ്ത്രീയമായ മുലയൂട്ടൽ (D) മുലപ്പാലിന്റെ അഭാവം

53. ഈർക്കിൽ ഉപയോഗിച്ച് വീട് നിർമ്മാണത്തിൽ ഏർപ്പെടുന്ന കുട്ടിയിൽ വികസിക്കുന്ന പ്രധാനപ്പെട്ട ബഹുമുഖബുദ്ധിഘടകം ഏതാണ് ?
(A) സംഗീതപരമായ ബുദ്ധി
(B) ദൃശ്യസ്ഥലപരബുദ്ധി
(C) ഭാഷാപരബുദ്ധി
(D) ഗണിത-യുക്തിപരബുദ്ധി

54. പ്രീസ്കൂൾ കുട്ടിയുടെ വിലയിരുത്തലിന് ഏറ്റവും സ്വീകാര്യമായ രീതി ഏതാണ് ?
(A) നിരീക്ഷണം
(B) പോർട്ടുഫോളിയോ
(C) അഭിമുഖം
(D) മൂന്നും ഉദ്ഗ്രഥിച്ച രീതി

55. കേരളത്തിലെ പ്രീസ്കൂൾ കുട്ടികൾക്കുവേണ്ടി എസ് സി ഇ ആർ ടി തയ്യാറാക്കിയ പ്രവർത്തന സമാഹാരത്തിന്റെ പേരെന്ത് ?
(A) കളിപ്പാട്ടം
(B) കളിത്തോണി
(C) മഴവില്ല്
(D) കളിച്ചെപ്പ്

56. സംയോജിത ശിശു വികസന സേവന പദ്ധതി ഇന്ത്യയിൽ ആരംഭിച്ച വർഷം ഏതാണ് ?
(A) 1986
(B) 1945
(C) 1975
(D) 1992

57. 1952 -ൽ സ്ഥാപിച്ച ഇന്ത്യൻ കൗൺസിൽ ഫോർ ചൈൽഡ് വെൽഫെയർ (ICCW) -ന്റെ ഇപ്പോഴത്തെ ആസ്ഥാനം എവിടെ ?
(A) ഹൈദ്രബാദ്
(B) കൽക്കത്ത
(C) ബോംബെ
(D) ഡൽഹി

58. ജീൻ പിയാഷെയുടെ വൈജ്ഞാനിക വികാസഘട്ടങ്ങളിൽ ഉൾപ്പെടുന്നത് താഴെ കൊടുത്തവയിൽ ഏതാണ് ?
(A) ഇന്ദ്രിയചാലകഘട്ടം
(B) പ്രവർത്തനഘട്ടം
(C) പ്രാഗ്യാഥാസ്ഥിതിക സദാചാരഘട്ടം
(D) പ്രതീകാത്മകഘട്ടം

59. പ്രത്യേക പരിഗണന ആവശ്യമുള്ള കുട്ടികൾക്കുവേണ്ടിയുള്ള ശാസ്ത്രീയവിദ്യാഭ്യാസ സംവിധാനത്തിന്റെ പേര് ?
(A) ഉദ്ഗ്രഥിതവിദ്യാഭ്യാസം
(B) ഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാസം
(C) മാറ്റിനിർത്തിയുള്ള വിദ്യാഭ്യാസം
(D) ചാക്രികരീതിയിലുള്ള വിദ്യാഭ്യാസം

60. പ്രായോഗികതാവാദവുമായി നേരിട്ട് ബന്ധമുള്ള പ്രസ്താവന ഏതാണ് ?
(A) സ്വയം അച്ചടക്കമുള്ളവരാണ്.
(B) സ്വാഭാവിക വളർച്ച ഉറപ്പുവരുത്തുന്നതാണ്.
(C) കർശന അച്ചടക്കം നിർബന്ധമാണ്.
(D) പരിമിതമായ ശാസനമാത്രം.

61. എന്താണ് പഠനം ? ശിശുവിദ്യാഭ്യാസത്തിന്റെ കാഴ്ച്ചപ്പാടിൽ നിർവചിക്കുക.
(A) അറിവു നിറയ്ക്കുന്ന പ്രക്രിയ.
(B) ആശയങ്ങൾ അടിച്ചേൽപ്പിക്കുന്ന പ്രക്രിയ.
(C) സ്വാഭാവികവും നിരന്തരവുമായ പ്രക്രിയ.
(D) പഠിതാവിനെ പഠിപ്പിക്കുന്ന പ്രക്രിയ.

62. താഴെക്കൊടുത്തവയിൽ ആരാണ് മനോവിശ്ലേഷണ സിദ്ധാന്തത്തിന്റെ ആവിഷ്കർത്താവ് ?
(A) പിയാഷെ
(B) ബ്രൂണർ
(C) മാക്സ്‌വെർതൈമർ
(D) സിഗ്മണ്ട് ഫ്രോയിഡ്

63. രക്തത്തിൽ അടങ്ങിയിരിക്കുന്ന പ്രോട്ടീന്റെ പേരെന്ത് ?
(A) മയോസിൻ
(B) സിറം ആൽബുമിൻ
(C) ഫൈബ്രിൻ
(D) ജെലാറ്റിൻ

64. പ്രീസ്കൂൾ കരിക്കുലത്തിന്റെ നിർമ്മാണത്തിൽ ശ്രദ്ധിക്കേണ്ട അടിസ്ഥാനപരവും പ്രധാനപ്പെട്ടതുമായ ഘടകം താഴെക്കൊടുത്തവയിൽ ഏതാണ് ?
(A) സാമ്പത്തിക പരിഗണന
(B) പഠനസമീപനം
(C) സർക്കാരിന്റെ താല്പര്യം
(D) വ്യക്തിഗതപരിഗണന

65. നെഗറ്റീവ് വിദ്യാഭ്യാസത്തിന്റെ വക്താവായി അറിയപ്പെടുന്ന വിദ്യാഭ്യാസ ചിന്തകൻ ആരാണ് ?
(A) സ്വാമി വിവേകാനന്ദൻ
(B) ഫ്രോബൽ
(C) റൂസ്സോ
(D) പെസ്റ്റലോസി

66. റിപ്പോർട്ട് ഓഫ് കേബ് (Report of CABE) എന്നറിയപ്പെടുന്ന കമ്മിറ്റിയുടെ പ്രവർത്തനത്തിന് നേതൃത്വം നൽകിയ വ്യക്തി ആരാണ് ?
(A) ആബട്ട്
(B) താരാഭായ്മോദക്
(C) കോത്താരി
(D) ജോൺ സാർജന്റ്

67. താഴെ നൽകിയതിൽ പ്രീസ്കൂൾ പഠനരീതിയുടെ കാതലായ ഘടകം ഏത് ?
(A) കളിയാണ് രീതി സ്നേഹമാണ് ഭാഷ
(B) വിഷയബന്ധിത ഔപചാരിക പഠനം
(C) അന്യഭാഷയോടൊപ്പം മാതൃഭാഷ
(D) പഠനം ഔപചാരികം മാത്രം

68. കേരളത്തിലെ അങ്കണവാടികൾ ഇപ്പോൾ പ്രവർത്തിക്കുന്നത് ഏതു വകുപ്പിന്റെ കീഴിലാണ് ?
(A) സാമൂഹ്യനീതി വകുപ്പ്
(B) സാമൂഹ്യക്ഷേമ വകുപ്പ്
(C) വിദ്യാഭ്യാസ വകുപ്പ്
(D) വനിതാ-ശിശുവികസന വകുപ്പ്

69. താഴെ കൊടുത്തവരിൽ പാശ്ചാത്യവിദ്യാഭ്യാസ ദാർശനീകൻ അല്ലാത്തത് :
(A) ടാഗോർ (B) ജോൺ ഡ്യൂയി (C) റൂസ്സോ (D) കൊമേനിയസ്

70. താഴെ നൽകിയവയിൽ റൂസ്സോയുടെ പഠനരീതികളിൽ ഏറ്റവും പ്രധാനപ്പെട്ടത് ഏതാണ് ?
(A) വാചികപഠന രീതി
(B) സമ്മാനങ്ങൾ
(C) പ്രഭാഷണ രീതി
(D) കളി രീതി

71. താഴെ നൽകിയിരിക്കുന്ന രോഗങ്ങളിൽ വായുവിലൂടെ പകരുന്നത് ഏത് ?
(A) പോളിയോ (B) മന്ത് (C) ക്ഷയം (D) ഡങ്കിപ്പനി

72. കുട്ടിയുടെ കുടുംബം, ആരോഗ്യം, പഠനകാര്യങ്ങൾ തുടങ്ങിയ വിശദവിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്ന രേഖയുടെ പേരെന്ത് ?
(A) ഹെൽത്ത് രജിസ്റ്റർ
(B) അഡ്മിഷൻ രജിസ്റ്റർ
(C) കെയ്സ് രജിസ്റ്റർ
(D) സഞ്ചിതരേഖ

73. താഴെ കാണുന്നവയിൽ കഥ തെരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ടതിൽ പ്രധാനപ്പെട്ട കാര്യം ഏത് ?
(A) ക്രിയാത്മകചിന്തയെ സഹായിക്കുന്നത്
(B) ഗുണപാഠങ്ങൾ ലഭിക്കുന്നത്
(C) തുടർപഠനത്തെ സഹായിക്കുന്നത്
(D) ആശയങ്ങൾ ഉറപ്പിക്കുന്നത്

74. ശിശുപ്രവർത്തനങ്ങൾ തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട അടിസ്ഥാന ഘടകങ്ങളിൽ ഒന്നാണ് :
(A) വിവിധ വിഷയബന്ധം
(B) ശിശുപ്രകൃതം
(C) ആശയതലം
(D) മൂല്യനിർണ്ണയം

75. താഴെ കൊടുത്തവയിൽ പ്രശ്ലോന്നീത വിദ്യാഭ്യാസവുമായി പൂർണ്ണമായും യോജിക്കുന്ന ഘടകം ഏത് ?
(A) ശ്രോതാവായ പഠിതാവ്
(B) സംവാദാത്മകമായപഠനം
(C) ജീവിതഗന്ധിയായപഠനം
(D) പ്രഭാഷണ രീതി

76. കടലാസ് ചുരുട്ടുകയെന്ന പ്രവർത്തനം ചെയ്യുന്നതിലൂടെ കുട്ടിക്ക് ലഭിക്കുന്ന വികാസപരമായ മേഖല ഏതാണ് ?
(A) വൈജ്ഞാനികവികാസം
(B) ശാരീരിക ചാലകവികാസം
(C) സർഗാത്മകവികാസം
(D) സാമൂഹികവികാസം

77. ഏറ്റവും അനുയോജ്യമായ പ്രീസ്കൂൾ മൂല്യനിർണയ സമീപനരീതി ഏതാണ് ?
(A) നിരന്തര വിലയിരുത്തൽ രീതി
(B) ഗ്രേഡിങ്ങ് രീതി
(C) ഔപചാരിക പരീക്ഷ
(D) ആത്യന്തിക മൂല്യനിർണയ രീതി

78. താഴെ കൊടുത്തവയിൽ ഉദ്ഗ്രഥിതസമീപനരീതിയുടെ പ്രധാനപ്പെട്ട സവിശേഷത ഏതാണ് ?

(A) എല്ലാം പഠിപ്പിക്കാൻ സാധിക്കുന്നു

(B) അധ്യാപികയ്ക്ക് എളുപ്പമാണ്

(C) വിലയിരുത്തൽ എളുപ്പമാകുന്നു

(D) സ്വാഭാവികാന്തരീക്ഷത്തിൽ പഠനം നടക്കുന്നു

79. കേരളത്തിലെ പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിന്റെ അക്കാദമിക ഉത്തരവാദിത്വം ഏത് ഏജൻസിയിലാണ് നിക്ഷിപ്തമായിട്ടുള്ളത് ?

(A) NCERT (B) SCERT (C) DIET (D) SSK

80. ആരാണ് ലബോറട്ടറി സ്കൂളിന്റെ സ്ഥാപകനായി അറിയപ്പെടുന്ന വിദ്യാഭ്യാസ ചിന്തകൻ ?

(A) ജോൺ ഡ്യൂയി (B) പെസ്റ്റലോസി (C) കൊമേനിയസ് (D) റൂസ്സോ

81. വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഫലമായി പ്രീസ്കൂളുകളുടെ അവകാശം ആരുടെ പരിധിയിലാണ് വരുന്നത് ?

(A) വിദ്യാഭ്യാസവകുപ്പ് (B) തദ്ദേശസ്വയംഭരണവകുപ്പ്

(C) വനിതാ-ശിശുവികസനവകുപ്പ് (D) സാമൂഹ്യനീതിവകുപ്പ്

82. രവീന്ദ്രനാഥടാഗോറുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്ന പ്രസ്താവന ഏതാണ് ?

(A) പരമ്പരാഗത വിദ്യാഭ്യാസപ്രവർത്തനം

(B) സ്വാശ്രയ വിദ്യാഭ്യാസത്തിന്റെ എതിരാളി

(C) വിശ്വഭാരതിയുടെ സ്ഥാപകൻ

(D) സർഗാത്മകതയ്ക്ക് പരിഗണന നൽകാത്ത വ്യക്തി

83. കുട്ടിക്ക് അഞ്ചാംപനി വാക്സിൻ-കുത്തിവയ്പ് നൽകേണ്ടത് ഏതു പ്രായത്തിലാണ് ?

(A) ജനിച്ച ഉടൻ (B) 9 മാസത്തിനും 1 വയസ്സിനും ഇടയിൽ

(C) 10-ാംവയസ്സിൽ (D) 4 വയസ്സിൽ

84. ശാരീരിക പ്രവർത്തനങ്ങൾ ഫലപ്രദമായി നടക്കാൻ കുട്ടിയുടെ അവയവങ്ങൾ ശരിയായ രീതിയിൽ നിലനിർത്തണം. – ഇതിനെ അറിയപ്പെടുന്ന പേര് എന്ത് ?

(A) യോഗാസനം (B) ജിംനേഷ്യം (C) അംഗവിന്യാസം (D) സ്പോർട്സ്

85. ഓപ്പൺ എയർ നഴ്സറി സ്കൂൾ (Open air nursery school) എന്ന ആശയത്തിന്റെ ഉപജ്ഞാതാവ് ആരാണ് ?

(A) പൗലോഫ്രെയർ (B) ഫ്രോബൽ

(C) ജോൺ ഡ്യൂയി (D) മാക്മില്ലൻ സഹോദരിമാർ

86. 1952 -ൽ രാഷ്ട്രപുനർനിർമ്മാണം ലക്ഷ്യമിട്ട് ജവഹർലാൽ നെഹ്റു സ്ഥാപിച്ച സംഘടന താഴെ കൊടുത്തവയിൽ ഏതാണ് ?
(A) WHO (B) BSS (C) NCERT (D) SCERT

87. പ്രീസ്കൂൾ പ്രവർത്തനാസൂത്രണത്തിൽ അധ്യാപികയുടെ ആദ്യ തയ്യാറെടുപ്പ് എന്തായിരിക്കണം ?
(A) വിലയിരുത്തൽ ഉപാധികൾ തയ്യാറാക്കുക.
(B) പഠനകളിയുപകരണങ്ങൾ തയ്യാറാക്കുക.
(C) വികാസമേഖലശിശുപ്രകൃത എന്നിവയ്ക്കനുയോജ്യമായ പ്രവർത്തനം തയ്യാറാക്കുക.
(D) രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പാക്കുക.

88. കുട്ടികളിൽ കാണുന്ന അമിതമായവാശിയുടെ പ്രധാന കാരണക്കാർ ആരാണ് ?
(A) രക്ഷിതാവ് (B) അധ്യാപിക (C) കരിക്കുലം (D) സമൂഹം

89. നിലവിലുള്ള കേരള പ്രീസ്കൂൾ കരിക്കുലത്തിൽ രക്ഷാകർത്തൃ പങ്കാളിത്തത്തിനുള്ള ഉപാധി ഏതാണ് ?
(A) അധ്യാപക രക്ഷാകർത്തൃ സമിതി (B) പഠനഗ്രൂപ്പ്
(C) കുടുംബസംഗമം (D) ഉല്ലാസയാത്ര

90. അങ്കണവാടി പ്രവർത്തനങ്ങൾക്കു വേണ്ടി സാമൂഹ്യക്ഷേമവകുപ്പ് തയ്യാറാക്കിയ കരിക്കുലത്തിന്റെ പേരെന്ത് ?
(A) കളിവണ്ടി (B) അക്ഷരപ്പൂമഴ (C) മഴവില്ല് (D) ഒരുമ

91. ഏത് കമ്മിറ്റി റിപ്പോർട്ടിനെയാണ് 'Learning Without Burden' എന്നപേരിൽ അറിയപ്പെടുന്നത് ?
(A) കോത്താരി കമ്മിറ്റി റിപ്പോർട്ട്
(B) യശ്പാൽ കമ്മിറ്റി റിപ്പോർട്ട്
(C) ആചാര്യ രാമമൂർത്തി കമ്മിറ്റി റിപ്പോർട്ട്
(D) സാർജന്റ് കമ്മിറ്റി റിപ്പോർട്ട്

92. പ്രീസ്കൂൾ പ്രായത്തിലുള്ള കുട്ടികൾക്ക് ഏറ്റവും അഭികാമ്യമായ വിദ്യാഭ്യാസ രീതി :
(A) ഔപചാരിക രീതി (B) പ്രോജക്ട് രീതി
(C) സെമിനാർ രീതി (D) അനൗപചാരിക രീതി

93. പട്ടികവർഗ്ഗക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ശിശുവിദ്യാഭ്യാസ സ്ഥാപനം ഏതാണ് ?
(A) അങ്കണവാടി (B) ബാലവാടി
(C) ഗവൺമെന്റ് മോഡൽ നഴ്സറി (D) ഗവൺമെന്റ് മോഡൽ പ്രീസ്കൂൾ

94. അന്തർദ്ദേശീയ ഏജൻസി അല്ലാത്തത് ഏതാണ് ?
(A) WHO (B) UNICEF (C) NCERT (D) UNESCO

95. മോണ്ടിസോറി മദർ എന്നറിയപ്പെടുന്ന ഇന്ത്യൻ വിദ്യാഭ്യാസ പ്രവർത്തക ആര് ?
(A) മോണ്ടിസോറി (B) റേച്ചൽ മക്മില്ലൻ
(C) താരാഭായ്മോദക് (D) മാർഗരറ്റ് മക്മില്ലൻ

96. മാനവികതാവാദവുമായി യാതൊരു ബന്ധവുമില്ലാത്ത ഘടകം ഏതാണ് ?
(A) വിശ്വസമാധാനം
(B) സമൂഹവും വ്യക്തിയും തമ്മിലുള്ള ബന്ധം
(C) സന്തുഷ്ടിപരിപോഷണം
(D) ദേശീയവികാരപരിപോഷണം

97. പഠനം ഒരു സാമൂഹ്യസാംസ്കാരിക പ്രക്രിയയാണെന്ന് പ്രഖ്യാപിച്ച വിദ്യാഭ്യാസ ചിന്തകൻ ആര് ?
(A) വൈഗോട്സ്കി (B) നോംചോംസ്കി
(C) ബ്രൂണർ (D) പിയാഷെ

98. താഴെ കൊടുത്തിരിക്കുന്നതിൽ ആരാണ് ഇന്ത്യയിൽ നഴ്സറിവിദ്യാഭ്യാസത്തിന് തുടക്കം കുറിച്ചത് ?
(A) സംഘടനകൾ (B) മിഷനറിമാർ (C) സർക്കാർ (D) വ്യക്തികൾ

99. പ്രീസ്കൂൾ കുട്ടികൾക്കുവേണ്ടി പാട്ടുകൾ തെരഞ്ഞെടുക്കുമ്പോൾ പ്രധാനമായി ശ്രദ്ധിക്കേണ്ട സവിശേഷത ഏതാണ് ?
(A) താളം ഈണം പ്രാധാന്യമില്ലാത്തത്
(B) ദീർഘമായ വരികളോട് കൂടിയത്
(C) ലളിതവും രസകരവുമായത്
(D) കഠിനപദസമ്മിശ്രമായത്

100. പ്രീസ്കൂൾ വിദ്യാഭ്യാസം അനിവാര്യമാക്കിയ ഇന്ത്യൻ സാഹചര്യം എന്താണ് ?
(A) കൂട്ടുകുടുംബഘടന (B) വിദ്യാഭ്യാസഘടന
(C) അണുകുടുംബഘടന (D) സംയോജിതകുടുംബഘടന

- o O o -